LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി

44 [855] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ സഹായം ലഭിക്കാനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ നിർത്തൽ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതി പുനരാരംഭിക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) ഈ പദ്ധതി കേന്ദ്ര സർക്കാരാണ് നടപ്പാക്കി വരുന്നത്. അതിനാൽ അതിലെ വ്യവസ്ഥകളെ സംബന്ധിച്ച് ഈ സർക്കാരിന് അറിവില്ല.

(ബി ആന്റ് സി) ഈ പദ്ധതി നിർത്തൽ ചെയ്തതായി അറിവില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുമുള്ള ചികിത്സാ സഹായം

45 [856] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. സ്റ്റീഫൻ ജോർജ്:

,, ജോസഫ് എം. പുതുശ്ശേരി:

,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ സഹായം അനുവദിച്ച് ഉത്തരവ് ഒരു വർഷം കഴിഞ്ഞും അനുവദിച്ച തുക ലഭിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചികിത്സയിലിരിക്കുന്ന രോഗികൾക്ക് നിധിയിൽനിന്ന് അനുവദിച്ച തുക ലഭിക്കാതെ നിരവധി രോഗികൾ മരിച്ചിട്ടുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം സർക്കാർ ഉത്തരവ് ലഭിച്ചിട്ടും തുക നൽകാൻ കഴിയാത്ത എത്ര കേസുകൾ പത്തനംതിട്ട ജില്ലയിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ ഉത്തരവ് ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും പണം ലഭിക്കാത്ത എത്ര കേസുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ഇ) അനുവദിച്ച തുക അടിയന്തിരമായി ലഭ്യമാക്കാൻ നടപടി കൈക്കൊള്ളുമോ?